# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5379 25.10.2011 ൽ മറുപടിക്ക്

**സി.ബി.എസ്.ഇ. സ്കൂളുകൾക്ക് നിയന്ത്രണം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ. പി. കെ. അബ്ദു റബ്ബ് (ബഹു. വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് പുതിയ സി.ബി. എസ്.ഇ സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതോടൊപ്പം നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്കൂളുകൾക്ക് ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ;<br>ബി) എങ്കിൽ ഇതു സംബന്ധമായി ഏതെങ്കിലും തരത്തിലുള്ള ഗൈഡ് ലൈനിന് സർക്കാർ രൂപം നൽകിയിട്ടുണ്ടോ എന്ന് വിശദമാക്കുമോ; | എ) യും ബി) യും ഉണ്ട്. സർക്കാർ ഉത്തരവ് (എം.എസ്) നം. 202/11/പൊ.വി തീയതി 07/10/2011 പ്രകാരം ഇതിനായി 15 ഇന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. |
| സി) അധ്യാപകരുടെ ശമ്പളം, സ്കൂളുകളിലെ ഭൗതികസൗകര്യം എന്നിവ സംബന്ധിച്ച് വ്യക്തമായ മാർഗനിർദ്ദേശം ഗൈഡ് ലൈനിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; | സി) ഉണ്ട്. |
| ഡി) എങ്കിൽ ഗൈഡ് ലൈനിനനുസരിച്ച് പ്രവർത്തിക്കാത്ത സ്ഥാപനങ്ങളുടെ കാര്യത്തിൽ എന്തു നടപടിയാണ് കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നത്;<br>ഇ) പിഴ ഈടാക്കുന്നതും അംഗീകാരം റദ്ദാക്കുന്നതുമായ കാര്യങ്ങൾ പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | ഡി) യും ഇ) യും പ്രസ്തുത ഉത്തരവു പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാത്ത സ്കൂളുകളുടെ അംഗീകാരം യാതൊരു മുന്നറിയിപ്പും കൂടാതെ 2012 ജൂൺ മുതൽ പിൻവലിക്കുന്നതിനും പിഴ ഈടാക്കുന്നതിനും എൻ.ഒ.സി നൽകുന്നതിനുള്ള കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ